പുതിയ കോളേജുകൾ

* 29 [29] ശ്രീ. എ. സി. ഷൺമുഖദാസ്:

,, ടി.പി. പീതാംബരൻ മാസ്റ്റർ:

,, കെ.പി.എ. മജീദ്:

,, പി.എം. അബൂബക്കർ:

,, വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസ വർഷത്തിൽ പുതിയ കോളേജുകൾ തുടങ്ങുന്നതിന് യൂണിവേഴ്സിറ്റികളിൽനിന്നും ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ നിന്നാണെന്നും ഏതെല്ലാം പ്രദേശങ്ങളിലാണെന്നും വെളിപ്പെടുത്താമോ;

(സി) കോളേജുകളിൽ ഡിഗ്രി, ബി.എഡ്. സാങ്കേതിക കോളേജുകൾ ഇവ എത്ര വീതമാണെന്ന് വിശദീകരിക്കാമോ;

(ഡി) ഈ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എത്ര കോളേജുകൾ തുടങ്ങാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ഇ) അവയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(എഫ്) അവ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ജി) പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ശുപാർശ ചെയ്യുവാൻ സർക്കാർ യൂണിവേഴ്സിറ്റികളോട് ആവശ്യപ്പെട്ടിരുന്നുവോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): (എ) ഗാന്ധിജി, കോഴിക്കോട് സർവ്വകലാശാലകളിൽ നിന്നും ശുപാർശ ലഭിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ജൂനിയർ കോളേജുകൾ—45

ബി.എഡ്. ട്രെയിനിംഗ് കോളേജുകൾ—34

ലോ കോളേജുകൾ—4

(ഡി) തീരുമാനിച്ചിട്ടില്ല.

(ഇ), (എഫ്) പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാൻ സർവ്വകലാശാലകൾ ശുപാർശ ചെയ്തിട്ടില്ല.

(ജി) സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പുതിയ കോളേജുകൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നതിനും, അവ സ്വീകരിക്കുന്നതിനും പരിശോധിച്ചു ഗവൺമെന്റിലേയ്ക്ക് ശുപാർശ നൽകുന്നതിനുമുള്ള അധികാരം സർവ്വകലാശാലകൾക്കാണ്. ശുപാർശ നൽകാൻ സർവ്വകലാശാലകളോട് സർക്കാർ ആവശ്യപ്പെടേണ്ടതില്ല. എന്നാൽ 1985–86-ൽ പുതിയ കോളേജുകളും കോഴ്സുകളും നൽകേണ്ടതില്ലെന്ന്

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് തീരുമാനിച്ച സ്ഥിതിക്ക് 1986–87–ൽ ഇക്കാര്യത്തിലുള്ള നിലപാട് ആരാഞ്ഞുകൊണ്ട് കേരള സർവ്വകലാശാലയിൽ നിന്നും കിട്ടിയ കത്തിനു മറുപടിയായി സർവ്വകലാശാലകം അവരുടെ നിർദ്ദേശങ്ങളും ഗവൺമെൻറിൻെറ അഭിപ്രായത്തിന് അയയ്ക്കാവുന്നതാണെന്നും, പക്ഷേ ഗവൺമെൻറിൻെറ തീരുമാനമെന്തായിരിക്കും എന്നതിനെപ്പറ്റി യാതൊരു സൂചനയും നൽകാൻ സാദ്ധ്യമല്ലെന്നും അവരെ അറിയിച്ചിരുന്നു.

പുതിയ ജലസേചന പദ്ധതികൾ

* 30 [30] ശ്രീ. സി. വാസുദേവമേനോൻ:

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, വി. കേശവൻ:

,, പി.വി. കുഞ്ഞിക്കണ്ണൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൻെറ സഹായത്തോടെ ഈ വർഷം പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം;

(ബി) പണി നടന്നുകൊണ്ടിരിക്കുന്ന ഏതെല്ലാം ജലസേചന പദ്ധതികൾക്കാണ് ഇപ്പോൾ ലോകബാങ്കിൻെറ സഹായം കിട്ടുന്നത്;

(സി) കഴിഞ്ഞ പത്തുവർഷത്തിനു മുൻപ് ആരംഭിച്ച ഏതെല്ലാം പദ്ധതികളുടെ പണിയാണ് ഇപ്പോഴും പൂർത്തിയാകാതെ കിടക്കുന്നത്;

(ഡി) ഇവയുടെ പണി എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയും?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ലോകബാങ്കിൻെറ സഹായത്തോടെ ഈ സാമ്പത്തിക വർഷം പുതിയ വൻകിട–ഇടത്തരം ജലസേചന പദ്ധതികൾ ആരംഭിക്കാൻ കഴിയുന്നതല്ല. എന്നാൽ താഴെ പറയുന്ന അഞ്ച് വൻകിട–ഇടത്തരം ജലസേചന പദ്ധതികൾക്ക് ലോകബാങ്കിൻേറയും മറ്റു വിദേശ സ്ഥാപനങ്ങളുടേയും സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്.

1. മൂവാറ്റുപുഴ നദീതട പദ്ധതി
2. ഇടമലയാർ ജലസേചനപദ്ധതി
3. മീനച്ചിൽ നദീതട പദ്ധതി
4. വാമനപുരം ജലസേചനപദ്ധതി
5. ചമ്രവട്ടം പാലവും ജലനിർഗ്ഗമന നിയന്ത്രണ സംവിധാനവും.

(ബി) കല്ലട ജലസേചന പദ്ധതി.

(സി) കഴിഞ്ഞ പത്തു വർഷത്തിനുമുൻപ് (1976–നു മുൻപ്) ആരംഭിച്ച താഴെ പറയുന്ന 11 വൻകിട–ഇടത്തരം ജലസേചനപദ്ധതികളാണ് പണി പൂർത്തിയാകാതെ കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8–30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂൺ 25–ാം തീയതി രാവിലെ 8–30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5 മണിയ്ക്ക് പിരിഞ്ഞു.

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ 29 (29) കാണുക.]

പുതിയ കോളേജുകൾ

ഗാന്ധിജി സർവ്വകലാശാല

ജൂനിയർ കോളേജുകൾ

എറണാകുളം ജില്ല

1. വടക്കൻ പരവൂർ
2. വൈപ്പിൻ
3. വാഴക്കുളം
4. കോതമംഗലം
5. കുറുപ്പുംപടി
6. കടവൂർ

കോട്ടയം ജില്ല

7. രാമപുരം
8. എരുമേലി
9. തലയോലപ്പറമ്പ്
10. വാഴപ്പള്ളി
11. കറുകച്ചാൽ

ഇടുക്കി ജില്ല

12. അടിമാലി
13. രാജകുമാരി
14. പാമ്പനാർ
15. മൂന്നാർ
16. പീരുമേട്
17. പൈനാവ്
18. വെള്ളയാംകുടി
19. മാന്നാകണ്ടം
20. ഇടങ്ങാട്
21. മണക്കാട് (തൊടുപുഴ)
22. കട്ടാർ

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട ജില്ല

23. കോന്നി
24. പുളികീഴ്
25. മല്ലപ്പള്ളി

ആലപ്പുഴ ജില്ല

26. കാവാലം
27. വെളിയനാട്
28. നീരേറ്റുപുറം (തലവടി)

ട്രെയിനിംഗ് കോളേജുകൾ

എറണാകുളം ജില്ല

1. കോതമംഗലം
2. എറണാകുളം
3. തൃക്കാക്കര
4. ഇടത്തല (ആലുവ)
5. കോവിൽവട്ടം റോഡ്, കൊച്ചി
6. ഫോർട്ട് കൊച്ചി
7. പിറവം
8. കുറുപ്പംപടി
9. വാരപ്പെട്ടി
10. കോലഞ്ചേരി
11. മണിമലക്കുന്ന്

ഇടുക്കി ജില്ല

12. ഏറ്റുമാനൂർ
13. കിടങ്ങൂർ
14. കറുകച്ചാൽ
15. ലക്കാട്ടൂർ
16. ഇത്തിത്താനം
17. തിരുവഞ്ചിയൂർ
18. കുറവിലങ്ങാട്

പത്തനംതിട്ട ജില്ല

19. ഓതറ
20. പെരുനാട്
21. മുത്തൂർ
22. മലയാലപ്പുഴ
23. തടിയൂർ

അറബിക് കോളേജ്

ഇടത്തല, ആലുവ

LIBRARY ARCHIVES Kerala Legislative Assembly

ലോ കോളേജ്

1 കോതമംഗലം
2. കോട്ടയം

കോഴിക്കോട് സർവ്വകലാശാല

ജൂനിയർ കോളേജുകൾ

കാസർകോട് ജില്ല

1. കയ്യൂർ
2. പനത്തടി
3. രാജപുരം
4. മൈലാടി
5. പൊന്നാച്ചി

കണ്ണൂർ ജില്ല

6. മയ്യിൽ
7. ചെണയാട് (തലശ്ശേരി താലൂക്ക്)
8. കിഴൂർ

കോഴിക്കോട് ജില്ല

9. കരിക്കിലാട്, വെള്ളിയാപ്പുള്ളി
10. കൂമുള്ളി
11. തിരുവമ്പാടി
12. വെഴിയൂർദേശം

മലപ്പുറം ജില്ല

13. അരിയക്കോട്
14. മഞ്ചേരി

പാലക്കാട് ജില്ല

15. കൊഴിഞ്ഞാംപാറ
16. പറക്കുളം
17. കൊട്ടത്തറ

ട്രെയിനിംഗ് കോളേജുകൾ

കാസർകോട് ജില്ല

1. വെള്ളരിക്കുണ്ട്

കണ്ണൂർ ജില്ല

2. ഇടാറ്റ്
3. അലക്കോട്

വയനാട് ജില്ല

4. സുൽത്താൻബത്തേരി
5. പുൽപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ല

6. കൊണ്ടോട്ടി
7. മേപ്പാടം

തൃശ്ശൂർ ജില്ല

8. മാള
9. മുണ്ടത്തിക്കോട്

പാലക്കാട് ജില്ല

10. മണ്ണാർക്കാട്
11. അകത്തേത്തറ

ലോ കോളേജ്

കണ്ണൂർ
തൃശ്ശൂർ

അറബിക് കോളേജ്

കരിങ്ങനാട്, ഒറ്റപ്പാലം

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 37 (37) കാണുക]

31–3–1984 വരെ പി. എച്ച് ഇ. ഡി. യിൽ ഉണ്ടായിരുന്ന ഒഴിവുകളിൽ നേരത്തേ നിലവിലുണ്ടായിരുന്ന പി. എസ്. സി. ലിസ്റ്റുകളിൽനിന്നും അതോറിറ്റി നിലവിൽ വന്ന 1–4–1984–ന് ശേഷം താഴെ കൊടുത്തിട്ടുള്ള വിവിധ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

	തസ്തികയുടെ പേര്	എണ്ണം
1.	അസിസ്റ്റൻറ് എൻജിനീയർ	3
3.	ക്രാഫ്റ്റ്സ്മാൻ ഗ്രേഡ് I	8
4.	ഇലക്ട്രീഷൻ	2
5.	ഫിറ്റർ	3
6.	സർവേയർ	8
7.	ഓപ്പറേറ്റർ	3
7.	ലോവർ ഡിവിഷൻ ക്ലാർക്ക്	85
8.	പ്യൂൺ	34
9.	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	28
	മൊത്തം	174

LIBRARY ARCHIVES Kerala Legislative Assembly